# STD - IV

## അദ്ധ്യാപക സഹായി

**പാഠം - പന്ത്രണ്ട്     വിശുദ്ധിയിലേക്കുള്ള വഴി     ഭാഗം - ഒന്ന്**

### ലക്ഷ്യം

ദൈവത്തോടും മനുഷ്യരോടുമുള്ള നമ്മുടെ ബന്ധത്തിന്റെ വളർച്ചയാണ് വിശുദ്ധി. പരസ്പരം സ്നേഹിച്ചും പ്രാർത്ഥിച്ചും പങ്കുവെച്ചും ജീവിക്കുമ്പോൾ നാം വിശുദ്ധിയിൽ വളരുന്നു. സഭാംഗങ്ങളുടെ ഇടയിൽ ഐക്യവും കൂട്ടായ്മയും വളർത്താനും വിശുദ്ധിയിൽ വളരാനും നമ്മേ സഹായിക്കുന്നവയാണ് സഭയിലെ സംഘടനകളും സംഘങ്ങളും.

### പഠനസഹായികൾ

* വി. ജോൺ ബെർക്കുമെൻസിന്റെ ചിത്രം/വീഡിയോ
* വിവിധ സംഘടന മദ്ധ്യസ്ഥന്മാരുടെ ചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* സഭയിലെ വിവിധ സംഘടനകൾ
  1. തിരുബാലസഖ്യം
  2. അൾത്താര സഖ്യം
  3. ബി.സി.സി. (ബേസിക് ക്രിസ്റ്റ്യൻ കമ്മ്യൂണിറ്റീസ്)
  4. വിൻസെന്റ് ഡി പോൾ സൊസൈറ്റി
  5. കെ.സി.എസ്.എൽ.
  6. ജീസസ് യൂത്ത്
  7. സി.എൽ,സി.
  8. ലിജീയൻ ഓഫ് മേരി
  9. കെ.ആർ.എൽ.സി.സി.

### പ്രാർത്ഥന

ഈശോയെ അനുദിന വിശുദ്ധിയിൽ വളരാനും ഇടവകയിലെ ഭക്തസംഘടനകളിൽ അംഗങ്ങളാകാനും എന്നെ സഹായിക്കണമേ.

### ചോദ്യങ്ങൾ

1. തിരുബാലസഖ്യത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം?
2. അൾത്താരബാലന്മാരുടെ മദ്ധ്യസ്ഥൻ ആര്?
3. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സ്ഥാപകൻ ആര്?
4. സി.എൽ.സിയുടെ മുദ്രാവാക്യം?
5. തിരുബാലസഖ്യ അംഗമായ എനിക്ക് എന്തെല്ലാം പ്രവർത്തനങ്ങളാണ് അനാഥശിശുക്കൾക്കുവേണ്ടി ചെയ്യാൻ സാധിക്കുക എന്ന് കണ്ടെത്തി എഴുതുക.

# STD - IV

## അദ്ധ്യാപക സഹായി

## പാഠം – പന്ത്രണ്ട്      വിശുദ്ധിയിലേക്കുള്ള വഴി      ഭാഗം – രണ്ട്

### ലക്ഷ്യം

സഭയിലെ വിവിധ സംഘടനകളിൽ ചേർന്ന് പ്രവർത്തിക്കുന്നതുവഴി നമുക്ക് യേശുവിന്റെ കൂടുതൽ തീക്ഷ്ണതയുള്ള സാക്ഷികളായി മാറാനും വിശുദ്ധിയിൽ വളരാനും സാധിക്കും.

### പഠനസഹായികൾ

* ഇടവകയിലെ വിവിധ സംഘടനാ നേതാക്കളിൽ നിന്ന് അവരുടെ പ്രവർത്തനങ്ങൾ ചോദിച്ചറിയുക (ഇന്റർവ്യൂ & റിപ്പോർട്ട്)
* വിവിധ സംഘടന മദ്ധ്യസ്ഥന്മാരുടെ ചിത്രങ്ങൾ

### പാഠത്തിന്റെ ഉള്ളടക്കം

* സഭയിലെ വിവിധ സംഘടനകളിൽ പ്രവർത്തിക്കുന്നതു വഴി നമുക്ക് ലഭിക്കുന്നതെന്ത്?
* ഇടവകയാണ് വിശുദ്ധിയിൽ വളരാൻ നമ്മെ സഹായിക്കുന്ന പ്രാഥമികവേദി.
* ഇടവകയിലെ കുട്ടികളുടെ സംഘടനകൾ
* ഇടവകയിലെ മുതിർന്നവരുടെ സംഘടനകൾ
* ദൈവജനമെന്ന നിലയിൽ സഭാംഗങ്ങൾ വിശുദ്ധജനമായി നിലകൊള്ളണം.

### പ്രാർത്ഥന

ഈശോയേ, ഞാൻ അംഗമായ സംഘടനയിൽ ലക്ഷ്യങ്ങൾ മനസ്സിലാക്കി സജീവമായി പ്രവർത്തിച്ചുകൊണ്ട് അങ്ങേയ്ക്ക് സാക്ഷ്യമായി മാറുന്നതിനുള്ള അനുഗ്രഹം തന്നരുളണമേ. ആമേൻ.

### ചോദ്യങ്ങൾ

1. വിശുദ്ധിയിൽ വളരാൻ നമ്മെ സഹായിക്കുന്ന പ്രധാനവേദി ഏതാണ്?
2. നിങ്ങളുടെ ഇടവകയിലെ കുട്ടികളുടെ സംഘടനകൾ ഏതെല്ലാമാണ്?
3. നിങ്ങളുടെ ഇടവകയിലെ മുതിർന്നവരുടെ സംഘടനകൾ ഏതെല്ലാമാണെന്ന് കണ്ടെത്തി എഴുതുക.
4. നിങ്ങളുടെ ഇടവകയിലെ തിരുബാലസഖ്യത്തെക്കുറിച്ച് അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ലഘുകുറിപ്പ് തയ്യാറാക്കുക
5. വിവിധ സംഘടനാ മദ്ധ്യസ്ഥന്മാരുടെ പേരുകൾ എഴുതുക.